വരികയും ചെയ്യുന്നു. കൊല്ലം, ആലപ്പുഴ, ബേപ്പൂർ, അഴീക്കൽ തുറമുഖങ്ങളുടെ വികസനത്തിനായി കൺസൾട്ടന്റിനെ പ്രത്യേകം നിയമിക്കുകയും അവർ സമർപ്പിച്ച റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ തുടർനടപടി സ്വീകരിക്കുകയും ചെയ്തുവരുന്നു. തലശ്ശേരി തുറമുഖത്തിന്റേയും മുനമ്പം-കൊടുങ്ങല്ലൂർ തുറമുഖത്തിന്റേയും വികസനത്തിനായുള്ള രൂപരേഖയും പോർട്ട് ഡിപ്പാർട്ട്മെന്റ് ടൂറിസം വകുപ്പുമായി ചേർന്ന് തയ്യാറാക്കിവരുന്നുണ്ട്.

(ഇ) ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

സിവിൽ സപ്ലൈസ് വകുപ്പിന്റെ കീഴിലുള്ള ഹൈപ്പർ മാർക്കറ്റുകൾ

24(*174) ശ്രീ. എം. മുരളി :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. എ. പി. അനിൽകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സിവിൽ സപ്ലൈസിന്റെ കീഴിൽ എവിടെയൊക്കെയാണ് ഇപ്പോൾ ഹൈപ്പർ മാർക്കറ്റുകൾ പ്രവർത്തിക്കുന്നത് ;

(ബി) ഭക്ഷ്യ വിതരണ/വിപണന രംഗത്ത് ഇത്തരം ഹൈപ്പർ മാർക്കറ്റുകൾ സ്ഥാപിക്കുകവഴി എന്തൊക്കെ ഗുണകരമായ മാറ്റങ്ങൾ വരുത്താൻ കഴിഞ്ഞു എന്ന് വിശദമാക്കുമോ ;

(സി) ഇപ്പോൾ എവിടെയൊക്കെയാണ് ഇത്തരം പുതിയ ഹൈപ്പർ മാർക്കറ്റുകളുടെ പണി നടന്നുകൊണ്ടിരിക്കുന്നത് എന്ന് വ്യക്തമാക്കുമോ ?

ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ) :

(എ) സംസ്ഥാനത്ത് സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ കീഴിൽ എറണാകുളം ഗാന്ധിനഗർ എന്ന സ്ഥലത്താണ് ഒരു ഹൈപ്പർ മാർക്കറ്റ് പ്രവർത്തിക്കുന്നത്.

(ബി) ഒരു ഉപഭോക്താവിന്റെ വീട്ടാവശ്യത്തിനുള്ള പച്ചക്കറി ഉൾപ്പെടെ എല്ലാ നിത്യോപയോഗ സാധനങ്ങളും ഗുണമേന്മയുള്ള ഒരു കുടക്കീഴിൽ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് ഹൈപ്പർ മാർക്കറ്റ് വിഭാവനം ചെയ്തിട്ടുള്ളത്. ഈ നവീന സംരംഭത്തിലൂടെ മറ്റ് സഹകാര്യ വിൽപ്പന ശാലകളിൽ ലഭ്യമാകുന്ന സാധനങ്ങൾ ഗുണമേന്മയോടും, വൈവിദ്ധ്യത്തോടും, സാധാരണക്കാർക്ക് താങ്ങാവുന്ന വിലയിൽ സപ്ലൈകോ ഹൈപ്പർ മാർക്കറ്റുകൾ ലഭ്യമാക്കുകവഴി അവയുടെ അമിത വിലവർദ്ധനവ് തടയുന്നതിനും ലഭ്യത ഉറപ്പാക്കുന്നതിനും സാധിച്ചിട്ടുണ്ട്. ശീതീകരണ സംവിധാനം, ട്രോളി തുടങ്ങിയ ആധുനിക ഷോപ്പിംഗ് സൗകര്യങ്ങൾ അധിക ചാർജ്ജില്ലാതെ സാധാരണക്കാർക്ക് കൂടി പ്രാപ്യമാക്കുകയാണ് ഇതിന്റെ ലക്ഷ്യം.

(സി) തിരുവനന്തപുരം, കോട്ടയം, തലശ്ശേരി എന്നിവിടങ്ങളിൽ ഹൈപ്പർ മാർക്കറ്റ് ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly